LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിലെ തൊഴിലാളികളും അന്യസംസ്ഥാന തൊഴിലാളികളും തമ്മിലുള്ള അനുപാതം

225 (4511) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ തൊഴിലാളികളും അന്യസംസ്ഥാന തൊഴിലാളികളും തമ്മിലുള്ള അനുപാതം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) അന്യദേശത്തൊഴിലാളികൾക്ക് രജിസ്ട്രേഷനോ തിരിച്ചറിയൽ കാർഡോ നൽകിയിട്ടുണ്ടോ; വിശദ വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) അനുപാതം കണക്കാക്കിയിട്ടില്ല. 2011-ലെ സെൻസസ് പ്രകാരം കേരളത്തിൽ സംഘടിത-അസംഘടിത മേഖലകളിൽ ആകെ തൊഴിലെടുക്കുന്നവരുടെ എണ്ണം 1,16,19,063 ആണ്. തൊഴിൽ വകുപ്പിനുവേണ്ടി ഗ്രാമീണ വികസന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ നടത്തിയ പഠന റിപ്പോർട്ടിൽ കേരളത്തിൽ 25 ലക്ഷം അന്തർ സംസ്ഥാന തൊഴിലാളികൾ ജോലി ചെയ്യുന്നതായി കണ്ടെത്തിയിട്ടുണ്ട്.

(ബി) കേരള ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വെൽഫെയർ ഫണ്ട് ബോർഡിനുകീഴിലുള്ള കേരള കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമ പദ്ധതിയിൽ, കേരളത്തിൽ ജോലിക്കെത്തുന്ന അന്തർസംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷൻ എടുക്കാവുന്നതാണ്. അപ്രകാരം രജിസ്റ്റർ ചെയ്യുന്നവർക്ക് ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ ബോർഡിന്റെ 14 ജില്ലാ ഓഫീസുകളിൽനിന്നും തിരിച്ചറിയൽ കാർഡ് നൽകിവരുന്നു. ഇത്തരത്തിൽ 30-11-2014 വരെ 48213 പേർ രജിസ്റ്റർ ചെയ്യുകയും ടി തൊഴിലാളികൾക്ക് തിരിച്ചറിയൽ കാർഡ് നൽകുകയും ചെയ്തിട്ടുണ്ട്.

തൊഴിലാളികളുടെ വിശ്രമ സമയം

226 (4512) ശ്രീ. വി. എൻ. പ്രതാപൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലാളികൾക്ക് വേനൽക്കാലത്ത് ജോലിക്കിടയിലുള്ള വിശ്രമസമയം പുനഃക്രമീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത തീരുമാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ;

(സി) അതുവഴി എന്തെല്ലാം സൗകര്യങ്ങളാണ് ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) അത് നടപ്പാക്കുന്നതിന് എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കഴിഞ്ഞ വേനൽക്കാലത്ത് കടുത്ത വെയിലത്ത് പണിയെടുക്കുന്ന തൊഴിലാളികളുടെ ജോലി സമയം പുനഃക്രമീകരിച്ചിരുന്നു. ലേബർ കമ്മീഷണറുടെ 25/03/2014 തീയതിയിലെ G(2)6948/2013 നമ്പർ ഉത്തരവിലൂടെ പൊതുജന താല്പര്യം മുൻനിർത്തി 1958 - ലെ കേരള മിനിമം വേതന ചട്ടങ്ങളിലെ ചട്ടം 24(3) പ്രകാരം, വെയിലത്ത് പണിയെടുക്കുന്ന തൊഴിലാളികളുടെ തൊഴിൽ സമയം 2014 ഏപ്രിൽ ഒന്ന് മുതൽ മുപ്പത് വരെ പുനഃക്രമീകരിച്ചിരുന്നു.

(ബി) കാലാവസ്ഥാ വ്യതിയാനംമൂലം തൊഴിലാളികൾക്ക് സൂര്യാഘാതം ഏൽക്കാതിരിക്കുക, അത്യുഷ്ണംമൂലം ഉണ്ടായേക്കാവുന്ന മറ്റ് ആരോഗ്യപ്രശ്നങ്ങൾ തടയുക എന്നതാണ് ഈ തീരുമാനംകൊണ്ട് ഉദ്ദേശിക്കുന്നത്.

(സി) 25-03-2014-ലെ G(2) 6948/2013 നമ്പർ ഉത്തരവ് പ്രകാരം പകൽ ഷിഫ്റ്റിൽ ജോലി ചെയ്യുന്നവർക്ക് ഉച്ചയ്ക്ക് 12 മണിമുതൽ മൂന്നു മണിവരെ വിശ്രമവേളയായിരിക്കും. ഇവരുടെ ജോലി സമയം രാവിലെ ഏഴു മണി മുതൽ വൈകുന്നേരം ഏഴു മണിവരെയുള്ള സമയത്തിനുള്ളിൽ എട്ട് മണിക്കൂറായി നിജപ്പെടുത്തിയിരുന്നു. രാവിലെയും ഉച്ചയ്ക്ക ശേഷവും ഉള്ള ഷിഫ്റ്റുകളിലെ ജോലി സമയം ഉച്ചയ്ക്ക് 12 മണിക്ക് അവസാനിക്കുന്ന പ്രകാരവും വൈകുന്നേരം മൂന്ന് മണിയ്ക്ക് ആരംഭിക്കുന്ന പ്രകാരവും പുനഃക്രമീകരിച്ചിരുന്നു. ക്രമീകരണത്തിലൂടെ തൊഴിലാളിക്ക് അമിതമായ അന്തരീക്ഷ താപത്തിൽനിന്നും രക്ഷനേടാനും, തളർച്ച സൂര്യതാപം മൂതലായ വൈഷമ്യങ്ങൾ ഒഴിവാക്കി സുരക്ഷിതമായി ജോലിയിൽ ഏർപ്പെടാനും കഴിയും.

(ഡി) മേൽ ഉത്തരവ് നടപ്പിലാക്കുന്നുണ്ടോ എന്ന് പരിശോധിക്കുവാനായി എൻഫോഴ്സ്മെന്റ് ഓഫീസർമാരെ ചുമതലപ്പെടുത്തിയിരുന്നു. ജില്ലാ ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ സ്ക്വാഡ് പരിശോധനകളും നടത്തിയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly